നം. എൽ6-3522/2020/സ്ത്രീ.കു.ആ. ഗവ.സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി,
തൈയ്ക്കാട്, തിരുവനന്തപുരം.
തീയതി, 18.06.2020

# ക്വട്ടേഷൻ / ലേലപരസ്യം

തിരുവനന്തപുരം, തൈയ്ക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ സ്റ്റോറിന്റെ അധീനതയിൽ സൂക്ഷിച്ചിരിക്കുന്നതും ചുവടെ കാണിച്ചിരിക്കുന്നതുമായ സാധനങ്ങൾ വില്ക്കുന്നതിനായി മത്സര സ്വഭാവമുള്ള മുദ്രവച്ച ക്വട്ടേഷനുകൾ ക്ഷണിക്കുന്നതിനും ലേലം നടത്തുന്നതിനും തീരുമാനിച്ചിരിക്കുന്നു.

## വില്ക്കാനുള്ള സാധനങ്ങളുടെ പട്ടിക

1. അഞ്ച് ലിറ്ററിന്റെ പ്ലാസ്റ്റിക് ജാർ - 138 എണ്ണം
2. ഒഴിഞ്ഞ ബോട്ടിലുകൾ - ഉദ്ദേശം 50,000 എണ്ണം.

ക്വട്ടേഷനുകൾ 07.07.2020 ചൊവ്വാഴ്ച രാവിലെ 11.30 മണിവരെ സ്വീകരിക്കുന്നതാണ്. അന്നേ ദിവസം ഉച്ചയ്ക്ക് 12 മണിയ്ക്ക് ആശുപത്രി കോൺഫറൻസ് ഹാളിൽ വച്ച് മേൽ സാധനങ്ങൾ പരസ്യലേലം ചെയ്യുന്നതാണ്. പ്രസ്തുത ലേലത്തിൽ ക്വട്ടേഷനുകൾ സമർപ്പിച്ചവർക്കും ക്വട്ടേഷനുകൾ സമർപ്പിക്കാത്തവർക്കും 1000/- രൂപ (ആയിരം രൂപ മാത്രം) നിരതദ്രവ്യം അടച്ച് പങ്കെടുക്കാവുന്നതാണ്. പരസ്യലേലം അവസാനിച്ച ശേഷം, ക്വട്ടേഷനുകൾ സമർപ്പിച്ചിട്ടുള്ളവരുടെയോ അവർ നിർദ്ദേശിക്കുന്ന വ്യക്തികളുടെയോ സാന്നിദ്ധ്യത്തിൽ ക്വട്ടേഷനുകൾ തുറക്കുന്നതായിരിക്കും. ലേലത്തിലോ അല്ലെങ്കിൽ, ക്വട്ടേഷനിലോ ( രണ്ടും കൂടി ഒരുമിച്ച് പരിഗണിക്കുമ്പോൾ ) ഏറ്റവും ഉയർന്ന തുക വിളിച്ച / രേഖപ്പെടുത്തിയ വ്യക്തിയുടെയോ സ്ഥാപനത്തിന്റെയോ പേരിൽ, പ്രസ്തുത തുക സർക്കാർ നിശ്ചയിച്ച തുകയോ അതിൽ കൂടുതലോ ആകുന്ന പക്ഷം, ലേലം/ ക്വട്ടേഷൻ സ്ഥിരപ്പെടുത്തുന്നതായിരിക്കും. ലേലം ഉറപ്പിച്ച വ്യക്തി ലേലതുകയും നിയമാനുസൃതമായ നികുതിയും അന്നേ ദിവസം തന്നെ ഓഫീസിൽ അടയ്ക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച തുകകൾ അടച്ചശേഷം ലേലം ഉറപ്പിച്ച വ്യക്തി , ഉത്തരവ് ലഭിച്ച് 5 ദിവസത്തിനകം സ്വന്തം ചെലവിലും ഉത്തരവാദിത്തത്തിലും ലേല സാധനങ്ങൾ അവ ഏത് അവസ്ഥയിലാണോ ആ അവസ്ഥയിൽ രോഗികൾക്കോ ജീവനക്കാർക്കോ ആശുപത്രിയുടെ ദൈനദിന പ്രവർത്തനങ്ങൾക്കോ യാതൊരു ബുദ്ധിമുട്ടും വരുത്താതെ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ (പ്രവൃത്തി സമയം; രാവിലെ 10 മണി മുതൽ 5 മണി വരെ ) നീക്കം ചെയ്യേണ്ടതാണ്. ആശുപത്രി പരിസരത്ത് വച്ച് ലേല സാധനങ്ങൾ മറുലേലം ചെയ്യാനും പാടില്ല.

മേൽ നിബന്ധനകളിൽ വീഴ്ച വരുത്തുന്ന പക്ഷം ലേലം/ക്വട്ടേഷൻ റദ്ദ് ചെയ്യുന്നതും, ടിയാൾ അടച്ച തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും പുനർ ലേലം വിളിക്കുന്നതുമായിരിക്കും.

വിൽക്കാനുദ്ദേശിക്കുന്ന സാധനങ്ങൾ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ സമയങ്ങളിൽ നേരിട്ട് കണ്ട് ബോദ്ധ്യപ്പെടാവുന്നതാണ്.

മതിയായ തുക ലഭിക്കാതെ വരുന്ന സാഹചര്യത്തിലോ മറ്റ് കാരണങ്ങളാലോ യാതൊരു മുന്നറിയിപ്പും കൂടാതെ ലേലം റദ്ദാക്കാനോ മാറ്റി വയ്ക്കുവാനോ ഉള്ള പൂർണ്ണ അധികാരം ആശുപത്രി സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കും. വ്യവസ്ഥകൾ പാലിക്കാത്തവരെ യാതൊരു കാരണവശാലും ലേലത്തിൽ പങ്കെടുപ്പിക്കുന്നതല്ല.

കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ ഈ ഓഫീസിൽ നിന്ന് അറിയാവുന്നതാണ്. (ഫോൺ ; 0471 -2323457, 2323458 )

ഗവ. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, തൈക്കാട്, തിരുവനന്തപുരം 695014.

വിശ്വസ്തതയോടെ,

സൂപ്രണ്ടിനുവേണ്ടി

സ്വീകർത്താവ് ;

നോട്ടീസ് ബോർഡ്

പകർപ്പ് ;-

1. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )
2. ജില്ലാമെഡിക്കൽ ആഫീസർ (ആരോഗ്യം) , തിരുവനന്തപുരം
3. ഗവ.മെഡിക്കൽ കോളേജ്, തിരുവനന്തപുരം
4. എസ്.എ.റ്റി ആശുപത്രി, തിരുവനന്തപുരം
5. ജില്ലാ മോഡൽ ആശുപത്രി, പേരൂർക്കട , തിരുവനന്തപുരം
6. താലൂക്ക് ആശുപത്രി, ഫോർട്ട്, തിരുവനന്തപുരം
7. കോർപ്പറേഷൻ ആഫീസ്, തിരുവനന്തപുരം
8. വില്ലേജ് ഓഫീസ് , തൈയ്ക്കാട് , തിരുവനന്തപുരം
9. ലേ-സെക്രട്ടറി ആന്റ് ട്രഷറർ
10. ഫയൽ / കരുതൽ ഫയൽ

ബി/06